**Palayathinu Puruthu, Numbers 12:1-15**

# പാളയത്തിന് പുറത്ത്



വായനഭാഗം ; സംഖ്യാപുസ്തകം 12:1-15

അവളെ ഏഴു ദിവസം പാളയത്തിനു പുറത്ത് അടച്ചിടുക (സംഖ്യാ 12:14)

യിസ്രായേൽ മക്കളുടെ കഷ്ടത ക മോശെ ജഡപ്രകാരമുള്ള തന്റെ സഹോദരന്മാരുടെ വിടുതലിനായി എത്തി. എന്നാൽ തങ്ങളുടെ അവിശ്വാസം നിമിത്തം അവർ അവനെ നിരാകരിച്ചു. ആ നിരസനം ദൈവ കൃപയ്ക്കൊത്തവണ്ണം അന്യർക്ക് കൃപയുടെ വാതിൽ തുറന്നു കിട്ടുവാൻ കാരണമായി. ഈ നിരസനത്തിന്റെ കാലയളവിലാണ് ഒരു വിജാതീയ സ്ത്രീയുമായി മോശെ ബന്ധപ്പെടുന്നത്. ഈ ബന്ധം സഭയും, അവളുടെ ശിരസ്സായിരിക്കുന്ന ക്രിസ്തുവുമായുള്ള മാർമ്മീക ബന്ധത്തിന്റെ നിഴലത്രെ. കൂശ്യസ്ത്രീ നിമിത്തം മിര്യാമിന്റെ ഉള്ളിൽ ശത്രുത്വം ഉളവാകുന്നു. മിര്യാമും സഹോദരനും ചേർന്ന് മോശെയെ നിശിതമായി വിർശിക്കുന്നു (സംഖ്യ 12:1,2) യഹോവ അതു കേട്ടു. ദൈവീക പരമാധികാരത്തിന് വിരുദ്ധമായിരുന്ന ആ എതിർപ്പും വിദ്വേഷവും, മിര്യം വിമർശനം നടത്തിയ ഉടനെ ദൈവിക ന്യായവിധി അവളി

ലുാകുന്നു (സംഖ്യ.12:10). ദൈവത്തിന്റെ പ്രീയമക്കൾക്കെതി രായി വായ്തുറക്കുക എന്നത് ദൈവദൃഷ്ടിയിൽ ഗുരുത രമായ അപരാധമാണ്.

മിര്യാം ഹിമം പോലെ വെളുത്ത് കുഷ്ഠരോഗിണി യായതു ക് അഹരോൻ നിലവിളിച്ചു (സംഖ്യ 12:12) ഈ പാപം ഞങ്ങളുടെ മേൽ നിർത്തരുതേ. യഹോവ ഞങ്ങ ളോട് കോപിച്ചിരിക്കുന്നു. ഞങ്ങൾക്കുവേി യാചിക്കുക എന്ന് മോശെയോട് നിളവിളിച്ചു പറഞ്ഞു. ഇത് കേട്ട് മോശ അവർക്കുവേി പ്രർത്ഥിച്ചു. അനിഷ്ടമോ, വിദ്വേ ഷമോ ഇല്ലാതെ നത്തെ വിമർശിച്ചവർക്കു വേി പ്രാർത്ഥിച്ചു മോശയുടെ യാചന ദൈവം ശ്രദ്ധിച്ചു. എന്നാൽ ഏഴു ദിവസം അവൾ പാളയിത്തിനു പുറത്ത് കഴിയേണം. പിന്നത്തേതിൽ അവളെ ചേർത്തുകൊള്ളാം എന്ന് ദൈവം കല്പിച്ചു. ഏഴി ദിവസം ശുദ്ധീകരണകാല മാണ്. ശുദ്ധികരണകാലം പാളയത്തിന് പുറത്ത് കഴിഞ്ഞേ മതിയാകുകയുള്ളു. ജാതികളേയും ദൈവകൃപ യുടെ കൂട്ടവകാശത്തിലേക്ക് കൊുവരുവാനുള്ള ദൈവീക ആലോചനയോടുള്ള എതിർപ്പുമൂലം അല്പകാലത്തേക്ക് മാറ്റി നിർത്തിയിരിക്കുന്ന യിസ്രായേലിന്റെ നിഴലത്രെ മിര്യാം.

ക്രിസ്തുവിലുടെ മാത്രമേ പാപമോചനം ലഭിക്കുകയുള്ളു. യേശു തന്റെ സ്വന്തരക്തത്താൽ ജനത്തെ വിശുദ്ധീകരി ക്കേതിന് നഗരവാതിലിന് പുറത്ത് വച്ച് കഷ്ടം അനുഭവി ച്ചു. ആകയാൽ നാമും അവന്റെ നിന്ദ ചുമന്ന് പാളയ ത്തിനു പുറത്ത് അവന്റെ അടുക്കൽ ചെല്ലും ( എബ്രാ:13:12-13). പാപമാകുന്ന കുഷ്ഠത്താൽ അശുദ്ധരാ യിത്തീർന്ന നമ്മെ ശുദ്ധീകരിച്ച്, നിത്യരാജ്യത്തിനവകാശി

യാക്കുവാൻ ദൈവം തന്റെ ഏകജാതനായ പുത്രനെ നമു ക്കായി യാഗമാക്കി.

പ്രിയ സഹോദരങ്ങളെ, കുഞ്ഞാടിന്റെ രക്തത്താലുള്ള ശുദ്ധീകരണത്തിനായി നമുക്ക് നമ്മെ ഏല്പിച്ചു കൊടു ക്കാം. വിശ്വാസത്തോടെ അവന്റെ അടുത്ത് ചെല്ലുന്ന വർക്ക് പാപം മോചനം ലഭിക്കും.

*അനുതപിക്കുന്ന വ്യക്തിക്ക് പാപക്ഷമ വാഗ്ദാനം ചെയ്തി രിക്കുന്നു.*



Sis. Shanthamma Varghese

ശാന്തമ്മ വറുഗീസ്, വടശ്ശേരിക്കര
svarghese47@gmail.com

exclusive copyright with http://biblestudy.co.in/